ഇൻറർവ്യൂ കഴിഞ്ഞു ജോലി കിട്ടാത്തവർ.

* 945. [60] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യം ബഹു. മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറിസ്കൂൾ ടീച്ചേഴ്സ് പോസ്റ്റിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ ഇൻറർവ്യൂ കഴിഞ്ഞവരായി എത്രപേർ ഇനിയും ഉദ്യോഗം ലഭിക്കാതെ നിൽക്കുന്നുണ്ട്;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ഷൻ കിട്ടിയവർക്ക് ജോലി ലഭിക്കാതിരിക്കെ, പുതുതായി പ്രൈമറിസ്കൂൾ ടീച്ചേഴ്സ് പോസ്റ്റിൽ ഇൻറർവ്യൂ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻറെ ഉദ്ദേശമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 5014. (ഇംഗ്ലീഷ് പരീക്ഷാ യോഗ്യതയുള്ളവർ 3416 മലയാളം പരീക്ഷാ യോഗ്യതയുള്ളവർ 1598.)

(ബി) ഉണ്ട്. ഒരിക്കൽ ഇൻറർവ്യൂ ചെയ്തവർക്കെല്ലാവർക്കും ജോലി കിട്ടുന്നതിനു മുൻപുതന്നെ ഇൻറർവ്യൂ നടത്താറുണ്ട്. കൂടുതൽ പരീക്ഷായോഗ്യത സിദ്ധിച്ചിട്ടുള്ളതും, പിന്നീട് പാസായിട്ടുള്ളവരുമായ അപേക്ഷകർക്ക് യോഗ്യതാ അടസ്ഥാനത്തിൽ മറ്റുള്ളവരോടൊപ്പം തുല്യാവകാശം ലഭിക്കുന്നതിനും, ഏതെങ്കിലും പട്ടികജാതിയിലോ പിന്നാക്ക സമുദായത്തിലോ അപേക്ഷകർ കുറവായാൽ ആ ജാതികളിൽ വീണ്ടും ആളുകളെ തിരഞ്ഞെടുക്കുന്നതിനുമായിട്ടാണ് മുൻപറഞ്ഞ പ്രകാരം ഇൻറർവ്യൂ നടത്തുന്നത്.

എ. ബി. സി. കമ്മീഷണരുടെ കൽപനകൾ

* 946. [62] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായോന്നമനകമ്മീഷണർ പാസ്സാക്കുന്ന ഡിപ്പാർട്ടുമെൻറലായ കൽപനകൾ സ്റ്റേ ചെയ്തുകൊണ്ടോ അതിനുമീതേ കൽപനകൾ പാസാക്കിക്കൊണ്ടോ 1955-56 വർഷത്തിൽ ബഹുമാനപ്പെട്ട ഹരിജൻ മന്ത്രിയോ സെക്രട്ടറിയേറ്റോ എന്തു ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്;

(ബി) ചാലക്കുടിയിൽ വീവിംഗ് ഫാക്ടറി മാനേജർക്കു കപാർട്ടേഴ്സ് ഉപയോഗപ്പെടുത്തുവാൻ കമ്മീഷണർ കൽപന അയച്ചതിനെതിരെ ബഹുമാനപ്പെട്ട മന്ത്രി ഒരു കൽപന അയച്ചില്ലേ; ഇപ്പോൾ അതിൻറെ നില എങ്ങിനെ;

(സി) പെണ്ണാല്ലൂർ കാളനിയിലെ നൈറ്റ് സ്കൂളിലെ അദ്ധ്യാപകനായി ഒരു കാവലനെ നിയമിച്ചതിനെതിരെ കൽപന അയയ്ക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) ഇങ്ങനെ ഡിപ്പാർട്ടുമെൻറിൻറെ കൽപനയ്ക്കുമീതേ നടപടികൾ എടുക്കുന്നതു് വേണ്ടത്തക്ക അന്വേഷണങ്ങൾക്കു ശേഷമാണോ; മേൽപറഞ്ഞ കാര്യങ്ങളിൽ അന്വേഷിച്ചു; എന്താണ് റിപ്പോർട്ട്?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): (എ. ബി. സി. ഡി.) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

Prosecuting Inspectors.

* 947. [65] SHRI M. WILLIAM: Will the Home Minister be pleased to state :

(a) whether the Prosecuting Inspectors are eligible to be promoted as Sub-Divisional Magistrates ; and

(b) whether their status has been defined at the time of the separation of the Judiciary and Executive ?

Home Minister (SHRI A. J. JOHN) :

(a) No specific rule has been laid down for this purpose. However their claims are also considered at the time of filling up the posts.

(b) It has not been specifically defined. The question is under the consideration of Government.

റൂളുകൾ.

* 948. [71] ശ്രീ. സ്. കെ. വിശ്വനാഥൻ : തഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ നിയമസഭപാസ്സാക്കിയ ഏത്ര ആക്ടുകൾക്ക് അവ നടപ്പിലാക്കുവാനുള്ള റൂളുകൾ തയ്യാറാക്കിയിട്ടില്ലെന്ന വ്യക്തമാക്കാമോ ;

(ബി) ഒരു ആക്ടു പാസ്സായാൽ ഏത്ര കാലയളവിനുള്ളിൽ റൂൾ ഉണ്ടാക്കണമെന്ന് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ വ്യവസ്ഥയെന്ത് ;

(ഡി) 1951-ലെ ഫിഷറീസ് ആക്ടു് നടപ്പിലാക്കുവാനുള്ള റൂൾസ് പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആ നിവേദനം അനുസരിച്ച് ഗവണ്മെൻറ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) റൂളുകൾ കൊണ്ടു യാതൊരു ആക്ടും നടപ്പിലാക്കേണ്ടതില്ല. ഒൻപതു ആക്ടുകൾക്കു റൂളുകൾ തയ്യാറാക്കിയിട്ടില്ല.

(ബി) വ്യവസ്ഥ ഇല്ല.

(സി) വ്യവസ്ഥ ഇല്ല.

(ഡി) പുതിയ ആക്ടു പ്രകാരം പുതിയ റൂളുകൾ ഉണ്ടാക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ട്.

(ഇ) നക്കൽ ചട്ടങ്ങൾ ഗവണ്മെൻറിൻറെ പൂർണ്ണപരിശോധനയിലിരിക്കുകയാണു്. കഴിയുന്നതും വേഗം നടപ്പിൽ വരുത്തുവാൻ നടപടികൾ എടുത്തുവരികയാണു്.

LIBRARY ARCHIVES Kerala Legislative Assembly